(ബി) വനത്തിനകത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കു പരമ്പരാഗത തൊഴിലുകളായ വനവിഭവ ശേഖരണം, വനവുമായി ബന്ധപ്പെട്ട തൊഴിലുകൾ എന്നിവയാണ് ഉപജീവനമാർഗ്ഗങ്ങൾ. കൂടാതെ ഓരോ സെറ്റിൽമെന്റിന്റേയും വിഭവ ലഭ്യത, തൊഴിൽ എടുക്കാൻ കഴിയുന്നവരുടെ ലഭ്യത, ഇവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ്, മറ്റു വകുപ്പുകൾ, ത്രിതല പഞ്ചായത്തുകൾ ഇവയുടെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) വർഷക്കാലത്ത് ചില പ്രദേശങ്ങളിൽ ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫുഡ് സപ്പോർട്ട്, ഗ്രെയിൻ ബാങ്ക് എന്നീ പദ്ധതികൾ മുഖേന ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചില സാഹചര്യങ്ങളിൽ ഒരാഴ്ചവരെ സൗജന്യ റേഷൻ നൽകാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. കൂടുതൽ ദിവസം സൗജന്യറേഷൻ നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ ഗവൺമെന്റ് അതിന് അനുമതി നൽകുന്നുണ്ട്.

(ഇ) ഉദിക്കുന്നില്ല.

കേടായ വൈദ്യുതി മീറ്ററുകൾ

8 (*38) ശ്രീ. പി. വിശ്വൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീമതി. എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉപഭോക്താക്കൾക്ക് നല്കിയിട്ടുള്ള മീറ്ററുകളുടെ കാര്യക്ഷമതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മീറ്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് ഉപഭോക്താക്കൾക്കുള്ള പരാതികൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കേടായിട്ടുള്ളതും പ്രവർത്തനശേഷി നഷ്ടപ്പെട്ടതുമായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മീറ്ററുകൾ കേടായിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കേടായിക്കിടക്കുന്ന മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് മൊത്തം എന്തു തുക ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത തുക എപ്രകാരം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ജി) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, പവർ ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇതിനായി സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്രവീതം ;

(എച്ച്) എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഐ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) സംസ്ഥാന വൈദ്യുതി ബോർഡ് മീറ്ററുകൾ വാങ്ങുമ്പോൾ തന്നെ ഇതിന്റെ കാര്യക്ഷമത സംബന്ധിച്ച നിയമപരമായ പരിശോധനകൾ നടത്തുന്നുണ്ട്. ഐ.എസ്.ഐ. സ്പെസിഫിക്കേഷനുള്ള മീറ്ററുകളാണ് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വാങ്ങുന്നത്. ഇതിനു പുറമേ ഐ.എസ്.ഐ.യിൽ പ്രതിപാദിച്ചിട്ടുള്ള പരിശോധനകളും മീറ്ററുകൾ വാങ്ങുന്നതിന് മുമ്പ് നടത്താറുണ്ട്. കൂടാതെ മീറ്ററുകൾ ലഭിച്ചശേഷം ടി.എം.ആർ-ൽ സാമ്പിൾ പരിശോധന നടത്തുന്നുണ്ട്.

(ബി) മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞതിനുശേഷം ഇവയുടെ പ്രവർത്തനത്തേയും കാര്യക്ഷമതയേയും കുറിച്ച് ഉപഭോക്താക്കൾക്ക് പരാതി ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും പ്രാഥമിക പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് ഉപഭോക്താവിന് തൃപ്തികരമല്ലെങ്കിൽ രേഖാമൂലം ഫീസ് സഹിതം മീറ്ററിന്റെ പരിശോധന ആവശ്യപ്പെട്ടാൽ വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ടി.എം.ആർ. ഡിവിഷനുകളിലോ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലോ പരിശോധനയ്ക്ക് വിധേയമാകുന്നതിന് ഇപ്പോൾ തന്നെ സംവിധാനമുണ്ട്.

(സി) കേടായ മീറ്ററുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 7,65,645 മീറ്ററുകൾ കേടായി കിടക്കുന്നു.

(ഇ) കേടായി കിടക്കുന്ന മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് മൊത്തം 74.28 കോടി രൂപ ചെലവു വരും. സാധാരണ മീറ്ററുകൾ സ്ഥാപിക്കുന്നതിന് 40.73 കോടി രൂപ ചെലവു വരും.

(എഫ്) ഇതിനാവശ്യമായ തുക റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, കേരള പവർ ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയായി സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്. പവർ ഫിനാൻസ് കോർപ്പറേഷൻ 125 കോടി രൂപ വായ്പയായി ലഭ്യമാക്കുന്നതിനുള്ള സന്നദ്ധതയും ആർ.ഇ.സി. ബോർഡിന് 2000-2001-ൽ 58 കോടി രൂപ നൽകുന്നതിനുള്ള സന്നദ്ധതയും പ്രകടിപ്പിച്ചിട്ടുണ്ട്.

(എച്ച്) ആർ.ഇ.സി. 5 വർഷ തിരിച്ചടവ് കാലാവധിയും 14 ശതമാനം പലിശനിരക്കിലുമാണ് വായ്പ നൽകുന്നത്. ഈ പദ്ധതിപ്രകാരം 2000-2001 സാമ്പത്തിക വർഷത്തിൽ ബോർഡിന് 58 കോടി രൂപ ആർ.ഇ.സി. യിൽനിന്നും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിന് 4 ശതമാനം പലിശ സബ്സിഡി ലഭിക്കുന്നതാണ്. പവർ ഫിനാൻസ് കോർപ്പറേഷൻ നൽകുന്ന വായ്പകളുടെ വ്യവസ്ഥകൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനം നൽകുന്ന വായ്പയ്ക്കും കേന്ദ്ര സർക്കാർ 4 ശതമാനം പലിശ സബ്സിഡി അനുവദിക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(ഐ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം

9 (*39) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടണത്തിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിതരണത്തിനു മുമ്പായി മാലിന്യവും രോഗാണുക്കളും നീക്കം ചെയ്തു എന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ശുദ്ധീകരണ പ്രക്രിയകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പൈപ്പുവെള്ളം പലപ്പോഴും ചെളി കലങ്ങിയും ശുദ്ധമല്ലാതെയും കാണുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ളം ശുദ്ധമായിരിക്കാൻ വേണ്ട ഏർപ്പാടുകൾ കർശനമാക്കാൻ നടപടിയെടുക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തിരുവനന്തപുരം പട്ടണത്തിൽ വെള്ളയമ്പലം പി.ടി.പി. നഗർ, അരുവിക്കര എന്നിവിടങ്ങളിൽ ജലശുദ്ധീകരണശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ശുദ്ധീകരണശാലകളിൽ കരമനയാറ്റിൽ നിന്നും ശേഖരിക്കുന്ന വെള്ളത്തിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുവാനും ചെറിയ മാലിന്യങ്ങൾ ആലം, കുമ്മായം എന്നിവ ചേർത്ത് നീക്കം ചെയ്യുവാനും അതിനുശേഷം വിവിധ അളവിലുള്ള മണൽത്തട്ടുകൾ കൊണ്ട് നിർമ്മിച്ച ഫിൽട്ടറുകളിൽ കടത്തിവിട്ട് അരിച്ചെടുത്ത് വെള്ളത്തിൽ ക്ലോറിൻ കലർത്തി അണുവിമുക്തമാക്കുവാനും ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly